(ബി) പ്രായപരിധി കഴിഞ്ഞ ഇവർക്ക് സർക്കാർ നിയമനം വീണ്ടും ലഭിക്കാൻ സാദ്ധ്യതയില്ലാത്ത സാഹചര്യത്തിൽ ഇവരെ സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഹൈക്കോടതിയിൽനിന്നും താൽക്കാലികമായി ജോലിയിൽ തുടരാൻ വിധി സമ്പാദിച്ച ഇവരുടെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു വർഷത്തേക്ക് താൽക്കാലികമായി ആണ് ഗ്രേഡ്-2 അറ്റന്റർമാരെ നിയമിച്ചിട്ടുള്ളത്. താൽക്കാലികമായി നിയമിച്ചവരെ സ്ഥിരപ്പെടുത്തുവാൻ നിലവിലുള്ള നിയമപ്രകാരം നിർവ്വാഹമില്ല.

(സി) ഹൈക്കോടതിയിൽനിന്നുള്ള താൽക്കാലിക വിധിയുടെ അടിസ്ഥാനത്തിൽ ദിവസക്കൂലി വ്യവസ്ഥയിൽ തുടരുവാൻ അനുവദിച്ചിട്ടുണ്ട്.

എൽ.ഡി. ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ ക്ലാസ് 4 വിഭാഗം ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള സംവരണ ശതമാനം

91 [2580] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നടത്തുന്ന എൽ.ഡി. ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ ക്ലാസ് 4 വിഭാഗം ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള സംവരണ ശതമാനം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള സംവരണ ശതമാനം ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) ഈ വിഷയത്തിൽ 5-ാം ശമ്പള കമ്മീഷന്റെ ശുപാർശ എന്താണെന്ന് വെളിപ്പെടുത്തുമോ;

(ഡി) 5-ാം ശമ്പള കമ്മീഷന്റെ ശുപാർശ നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പി.എസ്.സി. നടത്തുന്ന എൽ.ഡി. ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ ക്ലാസ് 4 വിഭാഗം ജീവനക്കാർക്ക് 5 ശതമാനം സംവരണം 10-4-1974-ലെ ജി.ഒ. (പി) 11/74/പി.ഡി. പ്രകാരം അനുവദിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള സംവരണ ശതമാനം ഉയർത്തുന്നകാര്യം പരിഗണനയിലില്ല.

(സി) 5-ാം ശമ്പള കമ്മീഷൻ ഇക്കാര്യത്തിൽ യാതൊരു ശുപാർശയും നടത്തിയിട്ടില്ല.

ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly